**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6297** **20-03-2023 - ൽ മറുപടിയ്ക്ക്**

**കോട്ടങ്കര ട്രൈബൽ സെറ്റിൽമെന്റിൽ നിന്നും പുനരധിവസിപ്പിച്ച കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോട്ടങ്കര ട്രൈബൽ സെറ്റിൽമെന്റിൽ നിന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഏത് മേഖലയിലാണ് ഇവരെ പുനരധിവസിപ്പിച്ചതെന്നും ഇതിനായി എത്ര ഭൂമി വാങ്ങിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ; | (എ) | **വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി കൊട്ടങ്കര ട്രൈബൽ സെറ്റിൽമെന്റിൽ നിന്നും 36 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തു. ഇവരെ നൂൽപുഴ, നെന്മേനി, അമ്പലവയൽ, പൂതാടി എന്നീ പഞ്ചായത്തുകളിലാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. ഇവർ ആകെ 15.12 ഏക്കർ ഭൂമിയാണ് വാങ്ങിയിട്ടുള്ളത്. ഇതിനായി ഒരോ ഗുണഭോക്താവിനും 10 ലക്ഷം രൂപ വീതമാണ് വനം വകുപ്പ് അനുദിച്ച് നൽകിയിട്ടുള്ളത്.** |
| (ബി) | എത്ര പേരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്നും എത്ര ഭൂമി ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയെന്നും അറിയിക്കാമോ; ഇതിൽ എത്രപേർ വീട് നിർമ്മാണം പൂർത്തീകരിച്ചുവെന്നും എത്രപേർ വീട് നിർമ്മിക്കാനുണ്ടെന്നും ഭൂമി അനുയോജ്യമല്ലാത്തതിനാൽ വീട് നിർമ്മിക്കാത്ത കുടുംബങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | **36 പേരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. 15.12 ഏക്കർ ഭൂമിയാണ് ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 21 കുടുംബങ്ങൾ വിവിധ പദ്ധതികളിലായി വീട് പൂർത്തീകരിച്ചിട്ടുണ്ട്. 15 കുടുംബങ്ങൾ വീട് നിർമ്മിക്കുവാനുണ്ട്. ഇതിൽ 2 പേർ ഭൂമി അനുയോജ്യമല്ലാത്തതിനാലാണ് വീട് നിർമ്മിക്കാത്തത്.** |
| (സി) | പ്രസ്തുത സ്ഥലത്ത് കൃഷി, കന്നുകാലി വളർത്തൽ, വനവിഭവങ്ങളുടെ ശേഖരണം തുടങ്ങിയ സ്വാഭാവിക ഉപജീവനമാർഗങ്ങൾ കണ്ടെത്തുന്നതിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (സി) | **വനത്തിന് സമീപം ഭൂമി വാങ്ങിയവർ കന്നുകാലി വളർത്തൽ തുടങ്ങിയവയ്ക്ക് വനത്തിനെ ആശ്രയിക്കുകയും വനവിഭവങ്ങളുടെ ശേഖരണം നടത്തുകയും ചെയ്യുന്നു. സ്വന്തമായി മൃഗപരിപാലനം, കൃഷി തുടങ്ങിയവ നടത്തിയിരുന്നവർ നിലവിലും ഉപജീവന മാർഗ്ഗത്തിനായി ഇവയെ ആശ്രയിക്കുന്നു.** |
| (ഡി) | സ്വാഭാവിക ആവാസ വ്യവസ്ഥയിൽ നിന്നും മാറിയതിനെത്തുടർന്ന് ഉപജീവനമാർഗം നഷ്ടമായ പ്രസ്തുത കുടുംബങ്ങൾ കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം | (ഡി) | **വയനാട് ജില്ലയിൽ വനം വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ** |

| | | | |
|---|---|---|---|
| | ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | **അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നത് ഉൾപ്പെടെയുള്ള ശുപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു .**<br><br>**പുനരധിവാസം നടന്ന സ്ഥലങ്ങളിലെ ആളുകൾക്ക് അവരുടെ ജന്മസ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറി താമസിക്കുമ്പോൾ സാധാരണ രീതിയിൽ തുടക്കത്തിൽ ഉപജീവനത്തിനായുള്ള തൊഴിലിനും മറ്റും പ്രയാസം നേരിടുകയും മാനസിക സമ്മർദ്ദം നേരിടുകയും ചെയ്യാറുണ്ട് . എന്നാൽ പുതിയ സ്ഥലത്തെ സാഹചര്യങ്ങൾക്കനുസരിച്ച് അവർ പൊരുത്തപ്പെട്ട് പോകുന്നതായാണ് കാണുന്നത്.** |

സെക്ഷൻ ഓഫീസർ